ഗുണമേന്മയുള്ള വിദ്യാഭ്യാസം

ഓരോ കുട്ടിയുടെയും അവകാശം

---

സമഗ്ര ഗുണമേന്മാ പദ്ധതി

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025

ക്ലാസ് : ഒന്ന്

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

## ക്ലാസ് ഒന്ന്

## പ്രാഥമിക വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ബി. ഇ. എം. എൽ. പി. സ്കൂൾ
ചോമ്പാല

ക്ലാസധ്യാപികയുടെ പേര് :

ഒന്നാം ക്ലാസിലെ കുട്ടികളുടെ എണ്ണം :

പ്രത്യേക പരിഗണന ആവശ്യമുള്ളവർ :

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ

ക്ലാസ് : I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| മെച്ചപ്പെട്ട ഭാഷാ ശേഷി വികസനം. | * ഭാഷാ കേളി കുട്ടിക്കൂട്ടം<br>പാട്ടുകൾ കഥ- കളിലൂടെ കുട്ടിക- ളിൽ ഭാഷാശേഷി വളർത്തൽ.<br><br>* അമ്മ വായന<br>അമ്മമാർ കുട്ടികൾ- ക്ക് വായിച്ചുകൊടു- ക്കുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ<br>ജൂലൈ<br>ഡിസംബർ<br>ജനുവരി<br>മാസങ്ങളിലായി. | ക്ലാസ് ടീച്ചർ<br>SRG<br>SMC.<br>സ്കൂൾ വികസന സമിതി.<br>ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ. | SMC<br><br>മദർ പി.ടി.എ |

# ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024 - 25 വർഷം പരിഷ്കരിക്കുകയും, ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്തഡയറി, രചനോത്സവം, പാഠരംഗ്, ഫ്രീ-വർക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. വിദ്യാഭ്യാസമന്ത്രി തന്നെ കുട്ടികളുടെ ഡയറികൾ എഡിറ്റ് ചെയ്ത് 'കുരുന്നെഴുത്തുകൾ' എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്ര വായനക്കാരായതിന്റെയും, പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിവു നേടിയതിന്റെയും, വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. വാർഷിക പരീക്ഷയിലും കുട്ടികൾ ചോദ്യം വായിച്ച് ഉത്തരം എഴുതുകയുണ്ടായി. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിറുത്തുന്നതിനും, കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും, ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിനു വേണ്ടിയാണ്.

വാർഷികലക്ഷ്യങ്ങൾ നിശ്ചയിച്ച് ഒരു വർഷത്തെ പ്രവർത്തന പദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് കഴിഞ്ഞ വർഷം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. ഓരോ മാസവും സ്വാധ്യായദിനങ്ങൾ പ്രതീക്ഷിച്ചതുപോലെ ലഭിക്കണമെന്നില്ല. അപ്പോൾ ആവശ്യമായ മാറ്റം വരുത്താൻ കഴിയണം. അതുപോലെ കുട്ടികളുടെ നിലവാരവും, വേണ്ട പിന്തുണയും പരിഗണിച്ചും, ഭേദഗതികൾ ആവശ്യമാണ്. നിരന്തര വിലയിരുത്തലിന്റെ അടിസ്ഥാനത്തോട് നീതി പുലർത്തുന്നതിനായി ഈ വാർഷികലക്ഷ്യങ്ങൾ നിശ്ചയിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും, പ്രവർത്ത

നമ്മളും വ്യത്യസ്ഥമായ രീതിയിൽ ആണ് അവതരിപ്പിക്കേണ്ടത്. ഓരോ മാസവും ക്ലാസ് പി.ടി.എ യിൽ ചർച്ച ചെയ്യുന്നതിനും സഹായകരമാണ്.

## അവസ്ഥാ വിശകലനം

### കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസ് A ഡിവിഷനിൽ കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ പെൺകുട്ടികൾ, ആൺകുട്ടികൾ അങ്ങനെ ആകെ ഉള്ളവർ പേരാണ്. ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരായി

### മുൻവർഷത്തെ പ്രധാന നേട്ടങ്ങൾ

* കുട്ടികൾ എല്ലാവരും സ്വതന്ത്ര വായനക്കാരും, സ്വതന്ത്ര രചനക്കാരും ആയിത്തീർന്നു.
* സംയുക്ത ഡയറി, രചനോത്സവം, വായനോത്സവം, ചെലവു പരിശീലനം (?), കഥ പറച്ചിൽ, നല്ല അനുഭവങ്ങൾ.
* സ്വതന്ത്ര ചിന്താശേഷി ഉണർത്തുന്നതും, ജീവിത സാഹചര്യവുമായി ബന്ധപ്പെട്ട നേരനുഭവങ്ങൾ ഉണ്ടാവുന്ന തരത്തിലുള്ള പഠന പ്രവർത്തനങ്ങൾ, പ്രവർത്തന പുസ്തകം.

### നേരിട്ട പ്രശ്നങ്ങൾ

* പ്രവർത്തന ബാഹുല്യം
* ചിത്രത്തിലെ അവ്യക്തത.
* സങ്കീർണ്ണത, നിലവാരം പരിഗണിച്ചില്ല, 10 Frame (ഗണിതം)
* Simple to Complex.

# ഉള്ളടക്കം

ആമുഖം

പ്രവർത്തന കലണ്ടർ

സംയുക്ത ഡയറി - സ്വതന്ത്ര ഡയറി

പാട്ടരങ്ങ്

സചിത്ര പുസ്തകം

റീഡേഴ്സ് തിയേറ്റർ.

രചനോത്സവം

വായനോത്സവം.

ഗണിത കേളികൾ

ഗണിത കിറ്റ് (മഞ്ചാടി സഞ്ചി)

പരീക്ഷണങ്ങൾ

രക്ഷിതാക്കൾക്ക് ശില്പശാല.

പലഹാരമേള.

## പ്രവർത്തന കലണ്ടർ

* സംയുക്ത ഡയറി - ജൂൺ മുതൽ മാർച്ച്.
* പാട്ടരങ്ങ് - ജൂൺ മുതൽ മാർച്ച്
* സചിത്ര പുസ്തകം ([illegible]) - ജൂൺ മുതൽ മാർച്ച്
* റീഡേഴ്സ് തിയേറ്റർ - ജൂലൈ മുതൽ മാർച്ച്
* രചനോത്സവം - ഓഗസ്റ്റ് മുതൽ ഫെബ്രുവരി വരെ.

വായനോത്സവം - ജൂൺ മുതൽ മാർച്ച്

പരിശീലനങ്ങൾ - ഓരോ മാസവും ഒന്ന് വീതം.

രക്ഷിതാക്കൾക്ക് ശില്പശാല - ജൂൺ

വിവിധ ദേശങ്ങളുടെ/പലഹാരങ്ങളുടെ - ഡിസംബർ.

മഞ്ചാടിവണ്ടി (ഗണിതകിറ്റ്) - ജൂൺ - മാർച്ച്

# വാർഷിക ലക്ഷ്യങ്ങൾ (മലയാളം)

1. ചെറുസദസ്സിന് മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.

2. ഓരോ കുട്ടിയും വായിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റ് രീതികളിലും പങ്കിടുവാനുള്ള കഴിവ് നേടുക.

3. ഓരോ കുട്ടിയും സദസ്സിന് മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയ വ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.

4. ഓരോ കുട്ടിയും സ്വന്തം ആശയം, ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കുവാനുള്ള കഴിവ് നേടുക.

5. ഓരോ കുട്ടിയും സർഗ്ഗാത്മക രചന നടത്തുവാനുള്ള കഴിവ് നേടുക.

6. ഓരോ കുട്ടികളുടെയും സർഗ്ഗാത്മക രചനകൾ പുസ്തകരൂപത്തിൽ പ്രസി-ദ്ധീകരിക്കുക.

7. ഓരോ കുട്ടികളുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.

8. ഓരോ കുട്ടികളുടെയും പഠനമികവുകളടങ്ങിയ വ്യക്തിഗത ശേഖര രേഖ രൂപപ്പെടുത്തുക.

വാർഷിക ലക്ഷ്യങ്ങളിലേക്ക് നയിക്കുന്നതിന് വേണ്ടിയുള്ള ലക്ഷ്യങ്ങൾ അനിവാര്യമാണ് എന്ന് ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഓരോ മാസവും ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും ബന്ധപ്പെടുത്തുന്ന രീതിയാണ് ചിന്തിക്കുന്നത്.

# ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും, ലളിതമായ ബാലസാഹിത്യങ്ങൾ, കൃതികൾ വായിച്ച് ആശയം പറയാൻ കഴിവുള്ളവരാക്കി മാറ്റുക.

* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലളിതവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്നുറപ്പു വരുത്തുക.

* ലളിതമായ വായനാക്കാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.

* ലിപി തിരിച്ചറിയാതെ തന്നെ തന്റെ ആശയങ്ങൾ രേഖപ്പെടുത്തിയ പദങ്ങൾ, വാക്യങ്ങൾ എന്നിവ വായിക്കുന്നു. (ഗ്രാഫിക് വായന).

* ലിപി തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലളിതവാക്യങ്ങൾ എഴുതുന്നു. വായിക്കുന്നു. (പറവ പാറി, പട, പട, പട)

* പല തരത്തിലുള്ള പതിപ്പുകൾ ഉപയോഗപ്പെടുത്തുന്നു.

## ഇട്ടൻ മാസിക പ്രകാശന ലക്ഷ്യങ്ങൾ

1. പത്രങ്ങളുടെ പ്രാധാന്യമറിയുക ഇന്ന് പി.ടി.എ ഉദ്ഘാടനം.
2. എല്ലാ കുട്ടികളെയും സ്വതന്ത്രമായി എഴുതാൻ പ്രേരിപ്പിക്കുക.
3. രചിതാവ് കുട്ടികൾ സ്വാതന്ത്ര്യമായി തന്നെ വായിച്ചു മനസ്സിലാക്കാനും വായനാശീലം വളർത്തിയെടുക്കുക.
4. വായിച്ചു കേട്ട ഇന്ന് ഇതിൽ അറിയപ്പെടാതിരുന്ന സ്വാതന്ത്ര്യമായി അവതരിപ്പിക്കാനും കൂടാതെ എല്ലാ വിഷയവും ഉള്ളതായ ഇതിൽ നടത്തുക.
5. കൂടാതെ വിഷയം പരിചയപ്പെടുത്താനും അറിവുകളും, ചിന്തകളും പുതിയ രീതിയിൽ വികസിപ്പിക്കാനും, വായനക്കാരുടെ വായനാശീലമുണ്ടാകാൻ വായന.
6. പരിചയപ്പെട്ട പാട്ടുകൾ മുതലായ ആശയങ്ങൾ നാട്ടിൽ വളർത്തിയെടുക്കാൻ അവതരിപ്പിക്കുന്ന പാട്ടുകൾ നടത്തുക.
7. എല്ലാ കുട്ടികളെയും പിന്നീട് ലഭിക്കുന്നതിനും അവർക്ക് സ്വയം തന്നെ നടത്തുന്നതിൽ വന്ന് അവതരണങ്ങൾ നടത്താനും, സാമൂഹികമായ വിഷയത്തിൽ ഒന്നാം ഇന്ന് രേഖപ്പെടുത്തുക.
8. ഒന്നാം ഇതിന്റെ പഠനത്തിലും അറിവിലുമാക്കുക.

## ഇട്ടൻ മാസ പ്രവർത്തനങ്ങൾ

1. പത്രങ്ങളുടെ പ്രകാശനം ഇന്ന് പി.ടി.എ.
2. വായനാശീലം കൂടാതെയും
3. ഭാഷാജ്ഞാനം (സാമൂഹ്യ പ്രവർത്തനങ്ങൾ).
4. വായനാക്കുറിപ്പുകൾ.
5. പാട്ടുകൾ.
6. സാമൂഹ്യ വിമർശനങ്ങൾ.

## ജൂലൈ

* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ച് വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ.
* ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പറയുന്നു.
* ഇൻലൈബ്രറി ഒരുക്കൽ
* വായനാമൂല ഒരുക്കൽ.

## ആഗസ്റ്റ്

* ചിത്രവായനാ കാർഡുകൾ തയ്യാറാക്കുക.
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ച് വരുന്ന പദങ്ങൾ, അക്ഷരങ്ങൾ ഉറപ്പിക്കൽ.
* അക്ഷരപ്പാട്ടുകളിലൂടെ ചെറുചോദ്യങ്ങൾ ചോദിക്കുന്നു.
* ആവർത്തിച്ച് വരുന്ന പദങ്ങൾ കണ്ടെത്തി വട്ടം വരക്കുന്നു.
* ക്ലാസ് ലൈബ്രറി നവീകരിക്കൽ, പോഷണം.

## സെപ്റ്റംബർ

* ചിഹ്നങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കാൻ വേണ്ടി കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു.
* ലളിതമായ വായനാകാർഡുകൾ സഹായത്തോടെ തയ്യാറാക്കി വായിക്കുന്നു.

## ഒക്ടോബർ

* ചിത്രവായന
* ചിത്രവായനയിലൂടെ ചെറുവാക്യങ്ങൾ കണ്ടെത്തുന്നു. വായിക്കുന്നു.
* വായനോത്സവം സംഘടിപ്പിക്കൽ.
* ആസ്വാദ്യകരമായ വായന നടത്തൽ.
* എന്റെ വായനസമ്മാനം – പുസ്തകം പിറന്നാളിന് ലൈബ്രറിക്ക് നൽകൽ.

## നവംബർ

* വരികൾ കൂട്ടിച്ചേർക്കൽ
* വാക്യങ്ങൾ നൽകി വരികൾ കൂട്ടിച്ചേർക്കൽ.
* പത്രവായനയ്ക്ക് അവസരം ഒരുക്കൽ.

## ഡിസംബർ

* ചോദ്യവിവരണങ്ങൾ കൂട്ടി ന്യൂനമായി തയ്യാറാക്കൽ
* മാഗസിൻ നിർമ്മാണം.

## ജനുവരി

* ചിത്രകഥ
* ചോദ്യകഥകൾ കേൾക്കുന്നു.
* ചിത്രം നോക്കി പറയുന്നു.
* ചിത്രങ്ങൾ നോക്കി കഥ എഴുതാൻ ശ്രമിക്കുന്നു.

## ഫെബ്രുവരി

* കൂട്ടുവായന – കുട്ടികൾക്ക് ചെറിയ വായനാ കാർഡുകൾ, ബാലസാഹിത്യങ്ങൾ ഉപയോഗിച്ച് പാഠ്യം സമാഹരിച്ച് ചിത്രകഥാവായന നടത്തുന്നു.
* ഇ.വായന സാധ്യത കണ്ടെത്തൽ ICT സാധ്യതകൾ ഉപയോഗിക്കൽ.

## മാർച്ച്

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ എന്നിവയൊക്കെ അവരുടെ ശേഖരണം.

* നാട്ടുവായന - കുട്ടികൾ നിർമ്മിച്ച വായനാനുഭവങ്ങൾ അവതരിപ്പിക്കുന്നവ നവമാധ്യമങ്ങളിൽ പങ്കിടുന്നു.

* അമ്മവായന - അമ്മയും കുട്ടിയും ഒരുമിച്ചിരുന്ന് കഥ പറയുന്നു പറഞ്ഞ കഥ കുട്ടി പിറ്റേ ദിവസം ക്ലാസുകളിൽ അവതരിപ്പിക്കുന്നു നവമാധ്യമങ്ങളിൽ പങ്കിടുന്നു.

* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായന, സ്വന്തവായന, തന്ത്രവായന ഇങ്ങനെയുള്ള വായനകളെ പ്രോത്സാഹിപ്പിക്കുന്നു.

* സ്വന്തമായി എഴുതിയും വായിച്ചും വിദ്യാർത്ഥികൾക്ക്

മേഖല : അക്കാദമികം
ഉപമേഖല : ഇംഗ്ലീഷ്
ക്ലാസ് : I

| പ്രശ്നം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം കുറവ്. | കാർട്ടൂൺ പ്രദർശനം<br>സിനിമാ പ്രദർശനം. | മാസത്തിൽ ഒന്ന് | SRG<br>class teacher | SSA. |

# Introduction

The goal is for the first grader to handle English fluently. The first grader must go from small word to big word. Must be able to read, write and speak English with it. No child should be able to speak English fluently like malayalam. We have to keep our world language English, close to our hearts.

The Academic Master plan is designed to ensure that not a single child goes leterate or illeterate.

# Aim - Objectives
# Learning outcomes

* Simple words, Simple sentence, add more lines, description make these are in the children.
* Responds to simple instructions in the classroom.
* Describes orally about pictures and objects using objectives. (colour, size, shape etc).
* Familiarises with words identities.
* Enjoys songs and sings them with rhythm and action.
* Familiarises the names of birds, animals their young ones and identifies them from pictures.

# Action - plan - Activities

## June

* simple words introducing
* Provides picture card
* Gives a familiar magic picture card

## July

* Says the familiar words.
* Writing familiar words.
* Reading familiar words.

## August

* Enjoys songs and sings them with rhythm and action
* Describes orally about picture and objects using adjectives. (colours, shape, small, big. etc)

## September

* Reads and writes simple words and simple sentences.
* Provides picture card and reading cards.

## October

* Introduce a simple picture description word chain, sentence chain make words.

* Sentences make riddles.
* describing words, rhyming words, etc text book activities.
* My growing book is being prepared.

## November

* My small description book is being prepared
* Preparing the reading card.
* The classroom provides more opportunity to read, write and speak English.
* Writes 5 English words daily.
* Prepared and displayed by " My English World"

## December

* My picture dictionary is being prepared.
* My growing book is being prepared.
* Simple instructions in the classroom
* Encourages digital reading in the classroom everyday.

## January

* Enjoy Songs and Sings them with rhythm and action.
* My amazing book is being prepared.

* Animals and birds (collect pictures).
* Collect youngones of animals and birds.
* Spoken English class is provided.

## February

* Provides the opportunity to express 'My self' in the class room, in the Assembly and in the CPTA.
* English provides an opportunity to speak fluently and without fear.
* A period of daily spoken English class provides an opportunity.

## March

* English speaks fluently.
* Can read and write simple sentence.
* Picture reading, Picture describing can tell you how to read and write.
* My growing book, My picture dictionary, Reading cards, My magic book.

മേഖല : ആരോഗ്യം

ഉപമേഖല : പരിസര പഠനം.

ക്ലാസ് : 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ. |
|---|---|---|---|---|
| ആഹാര ശീലങ്ങളും ദുശീല വസ്തുക്കളുടെ പ്രശ്നങ്ങളും തിരിച്ചറിവ് | ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉൾക്കൊള്ളിച്ചുള്ള പോഷകാഹാര ലഹരി അറിവും. | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG SMC | SMC. |
| പ്രകൃതിയെ അറിയുന്ന-തിനും സംരക്ഷിക്കുന്ന-തിനും - | പരിസ്ഥിതി യാത്രകൾ, ഔഷധസസ്യശേഖരണം ഉദ്യാനനിർമാണം. | ഡിസംബർ ജനുവരി | SRG SMC | |

## ആമുഖം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ശാസ്ത്ര പ്രവർത്തനങ്ങളിലൂടെ കടന്നു പോകുന്നത് ഉത്തമമായ കാര്യമാണ് ശാസ്ത്രീയമായ അറിവ് കുട്ടികളിൽ ഉണർത്തിയെടുക്കേണ്ടത് അത്യാവശ്യമായ കാര്യമാണ്. ശാസ്ത്രീയ തലത്തിലൂടെ കുട്ടി കടന്നു പോകുമ്പോൾ പരിസ്ഥിതിയുമായി ഇണങ്ങിച്ചേരുവാനും സാധ്യമാകുന്നു. നിരീക്ഷണങ്ങളിലും പരീക്ഷണങ്ങളിലും ഏർപ്പെടുവാനും കുട്ടികൾക്ക് സാധിക്കുന്നു. ഇത്തരത്തിൽ ചെറിയ ക്ലാസുകളിൽ നിന്ന് തന്നെ കുട്ടി പരിസ്ഥിതിയുമായി ഇഴുകി ചേർന്ന് പഠിക്കുന്നതും ജീവിക്കുന്നതും നല്ലൊരു മനോഭാവമാണ്. നിഗമനങ്ങളും പരീക്ഷണങ്ങളും കണ്ടെത്തലുകളും നടത്തി ശാസ്ത്രബോധം വളർത്തുന്നതും അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്.

## മുന്നൊരുക്കം

* പ്രകൃതി നടത്തം, പരിസ്ഥിതിദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കൽ
* ICT യിൽ പ്രകൃതി, പരിസ്ഥിതി പ്രവർത്തനങ്ങൾ സാധ്യത ഒരുക്കി കൂടുതൽ പരിസരപഠനത്തിൽ മുൻതൂക്കം നൽകൽ.

## പ്രവർത്തന ലക്ഷ്യം

* ചെടികൾ നിരീക്ഷിച്ച് പട്ടികയിൽ നിരവധി വസ്തുതകളെന്ന് കണ്ടെത്തൽ, ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ.

## ജൂൺ

* പ്രകൃതി നടത്തം.
* പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പിക്കൽ
* വൃക്ഷത്തൈ നടൽ.

* ... തിരിച്ചറിഞ്ഞവ ചിത്രപ്പെടുത്തൽ

* പ്രകൃതി നടത്തം – സസ്യങ്ങളെ നിരീക്ഷിക്കുന്നു. പേരു... കണ്ടെത്തുന്നു, പറയുന്നു. എഴുതുന്നു.

## ഓഗസ്റ്റ്

* ചെടികളുടെ ചിത്രങ്ങൾ photo എടുത്ത് ക്ലാസ് ... പ്രോജക്റ്റ് ചെയ്യുന്നു.

* തിരിച്ചറിയുന്ന ചെടികൾ നിരീക്ഷിച്ച് പേരുകൾ പ...
ഉദാ: ചെമ്പരത്തിപ്പൂവ്, പല നിറത്തിലുണ്ട്. 5 ഇത...

* പൂക്കളുടെ നിർമ്മാണം.

## സെപ്റ്റംബർ

* ചുറ്റുപാടുമുള്ള ചെടികൾ നിരീക്ഷിച്ച് അവയ... ഭംഗിക്ക് ഉപയോഗിക്കുന്നവയും കണ്ടെത്തൽ.

* മരങ്ങൾ, ചെടികൾ വ്യത്യാസം തിരിച്ചറിയൽ.

* മണമുള്ള പൂക്കൾ/ പഴങ്ങൾ തിരിച്ചറിഞ്ഞ് ശേ... കണ്ടെത്തുന്നു. നിഗമനത്തിൽ എത്തിച്ചേരുന്നു. രേ...

## ഒക്ടോബർ

* ചെടികളുടെ വേര്, തണ്ട്, ഇല, പൂവ് കായ ...

## നവംബർ

* പുഴുക്കളുടെ സ്വഭാവ വ്യത്യാസങ്ങൾ കണ്ടെത്തൽ (നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ)
* വീട്ടിൽ രക്ഷിതാവിന്റെ സഹായത്തോടെ ശലഭോദ്യാനം നിർമ്മിച്ച് photo whatsapp ഗ്രൂപ്പിൽ ഷെയർ ചെയ്യൽ.
* ചെടികൾ ഏതൊക്കെ നടാം ഉദ്യാനത്തിന് തിരിച്ചറിയൽ.

## ഡിസംബർ

* ചെറിയ പുഴുക്കൾ, വലിയ പുഴുക്കൾ, ഉദ്യാനത്, ഇട്ടമാലത്, മണ്ണട്ടകൾ, മണ്ണിലുള്ളവ ശലഭപ്പുഴുക്കൾ തിരിച്ചറിയൽ, ഇവയുടെ മുട്ടും തിരിച്ചറിയൽ, ചെടിയിൽ വിരിയുന്ന പുഴുക്കൾ എന്നിവയെ കണ്ടെത്തി പഠിക്കുന്നത്.

## ജനുവരി

* ശലഭോദ്യാനം നിർമ്മാണം.
* ഭക്ഷ്യയോഗ്യമായ ചെടികൾ / ആഹാരമാവുന്ന കണ്ടെത്തൽ.
* പുഴുക്കളുടെ ശേഖരണ പുസ്തകം തയ്യാറാക്കൽ.
* ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ.

## ഫെബ്രുവരി

* മറ്റ് പുഴുക്കൾ ആൽബം തയ്യാറാക്കൽ.
* പുഴുക്കളുടെ പതിപ്പ് തയ്യാറാക്കൽ.
* ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ.
* CPTA യിൽ ആൽബം പ്രദർശനം.

## നേട്ടം

* ഭക്ഷണം, ചെടിപ്പ് എന്നിവ ലഭ്യമാക്കൽ.
* CPTA യിൽ ബോധവൽക്കരിപ്പിക്കൽ.
* ചെടികളിൽ വിഷമുക്തമായ ധാരണ ഉറപ്പാക്കാൻ കഴിയുന്നു.
* പച്ചക്കറിയും പലതരം ചെടികൾ, പൂക്കൾ ഉണ്ടാക്കുന്നതിൽ വിഷമുക്തമായ ധാരണ ഉറപ്പിക്കാൻ കഴിയുന്നു.

മേഖല : അക്കാദമികം.

ഉപമേഖല : ഗണിതം

ക്ലാസ് : ഒന്ന്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| കുട്ടികളുടെ കൂട്ടായും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം പഠിപ്പിക്കൽ | ഗണിത മാജിക് | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | SSA. |
| | ഉപേക്ഷിച്ച വസ്തുക്കൾ കൊണ്ട് നിർമ്മാണം - ശില്പശാല ക്ലാസ് | ഫെബ്രുവരി | ക്ലാസ് ടീച്ചർ | |
| | ഗണിത ക്ലാസ് ഗണിത പ്രവർത്തനങ്ങൾ - കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം. | SRG ക്ലാസ് ടീച്ചർ | |

# ആമുഖം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ഗണിത പ്രവർത്തനങ്ങൾ തനിയെ കുട്ടി നേടിയെടുക്കേണ്ടതുണ്ട്. ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ചു കൂടാൻ പറ്റാത്ത ഒന്നാണല്ലോ. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് എല്ലാ പ്രവർത്തനങ്ങളിലും, അവബോധം നേടിയെടുക്കുമ്പോൾ ഗണിതത്തിൽ പിന്നോക്കം പോകാതെ, മുഖ്യധാരയിൽ എത്തിക്കേണ്ടത് അത്യാവശ്യമാണ്.

ജീവിതത്തിൽ ഓരോ വ്യക്തിക്കും, ഒഴിച്ചു കൂടാത്ത അത്യാപേക്ഷിതമാണ്. ഗണിത പ്രവർത്തനങ്ങൾ, ഗണിതം ഇല്ലാത്ത ജീവിതത്തിൽ ഒന്നുമില്ല എന്നു തന്നെ പറയാം. ഗണിതം പഠിക്കുവാനും ആസ്വാദ്യകരമാക്കാവുന്നതാണ്. പലതരത്തിൽ ഗണിതശേഷികൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ ഞാനൊരു അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

# ലക്ഷ്യങ്ങൾ

* 1 മുതൽ 10 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.
* 10 മുതലുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ കുറവ്, വലുത്, ചെറുത്, എന്നിങ്ങനെ വിശദീകരിക്കുന്നു.
* Ten Frame-ൽ ഗണിതക്രിയകൾ ചിത്രീകരിക്കുന്നു.
* ഗണിത പഠനത്തിന് സഹായകമായ തരത്തിലുള്ള വസ്തുക്കൾ ശേഖരിച്ച് ചിത്രീകരിക്കുന്നു.

* ഒറ്റസംഖ്യകൾ, ഇരട്ട സംഖ്യകൾ എന്നിവ തിരിച്ചറിയുവാനും എഴുതുവാനും, വായിക്കുവാനും കഴിയുന്നു.

* ആരോഹണ അവരോഹണ ക്രമത്തിലാക്കൽ.

* രണ്ട് ഒറ്റ സംഖ്യകളുടെ സങ്കലനം, രണ്ട് ഒറ്റസംഖ്യകളുടെ വ്യവകലനം, ഒറ്റ സംഖ്യകളുടെ വ്യത്യാസം.

* ഒറ്റ സംഖ്യയും ഇരട്ട സംഖ്യയും തമ്മിലുള്ള ലളിതമായ ഗണിത പ്രവർത്തനങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുക.

## ജൂൺ

* ഗണിത പഠനത്തിന് സഹായകമായ നിരവധി വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കൽ.

* സംഖ്യകൾക്ക് അനുസരിച്ച് ചിത്രങ്ങൾ വരച്ച് സംഖ്യാചാർട്ട്

## ജൂലൈ

* സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ.
* സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു
* സംഖ്യാകാർഡ് നിർമ്മിക്കൽ.

## ഓഗസ്റ്റ്

* 1 മുതൽ 10 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
* വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.

* കൂട്ടത്തിൽ ഒരാവ് തിരിച്ചറിയൽ
* ഗണിത കിറ്റിലെ സാധ്യതകൾ ഉപയോഗിച്ച് ഗണിത പ്രക്രിയയിൽ ഏർപ്പെടുന്നത്.

## സെപ്റ്റംബർ

* സംഖ്യാ ധാരണകൾ ആർജ്ജിക്കൽ,
* ഒറ്റ സംഖ്യകൾ, രണ്ടക്ക സംഖ്യകൾ, മൂന്നക്ക സംഖ്യകൾ കളിയിലൂടെ സങ്കലന പ്രക്രിയയിൽ ഏർപ്പെടൽ.
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രക്രിയയിൽ ഏർപ്പെടൽ.
* ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടുമെന്ന തിരിച്ചറിവ്, സംഖ്യാധാരണ ആർജ്ജിക്കൽ.

## ഒക്ടോബർ

* ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

1 2 3 4 5 6 7 8 9 10

* വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## നവംബർ

* സംഖ്യാധാരണകൾ പാട്ടും ഉറപ്പിക്കുന്നു.
* ഗണിതപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കാൻ പഠനകിറ്റുകൾ നൽകൽ
* ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലനം

പ്രവർത്തനങ്ങളിൽ നടപ്പാക്കൽ.

## ഡിസംബർ

* സംഖ്യകൾ തിരിച്ചറിയാനും എഴുതാനും ക്രമത്തിൽ എഴുതൽ.
* ഗണിത കാർഡുകൾ നൽകുന്നത്
* My numberbook നൽകുന്നത്
* സംഖ്യകളുടെ ക്രമീകരണം, worksheet പ്രവർത്തനങ്ങൾ

## ജനുവരി

* സങ്കലനവും വ്യവകലനവും ആയിട്ടുള്ള വ്യവകലന പ്രവർത്തനങ്ങൾ

  10 - 1 = 9
  10 - 2 = 8
  10 - 3 = 7

* സങ്കലനം, വ്യവകലനം (+, −) ചിഹ്നങ്ങൾ പരിചയപ്പെടുന്നു.
* സംഖ്യാ വ്യാഖ്യാനത്തിലേക്ക് കടക്കുന്നു. 1-10 വരെയുള്ള സംഖ്യകൾ.

## ഫെബ്രുവരി

* ഗണിത- ക്വിസ് CPTA യിൽ പ്രദർശനം.
* ഗണിതമേളയിൽ, ജില്ലാതലത്തിൽ ഗണിത മത്സരങ്ങൾ, പ്രദർശനം
* പ്രശ്ന വിശകലനം ക്ലാസിൽ നടപ്പിലാക്കൽ.

## മാർച്ച്

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ എന്നിവ ഉൾപ്പെടുത്തി-യുള്ള പതിപ്പ് പ്രകാശനം
* നാട്ടുവായന – കുട്ടികൾ ശേഖരിച്ച വാർത്താശകലങ്ങൾ ശേഖരിച്ച്- ക്ലാസ് സമാഹാരങ്ങളിൽ പതിപ്പിക്കുന്നു.
* അമ്മവായന – അമ്മയും കുട്ടിയും ഒരുമിച്ചിരുന്ന് ഒരു പുസ്തകം- പറഞ്ഞ കഥ കുട്ടി പിന്നീട് ക്ലാസിൽ കൂട്ടുകാർക്ക് അവതരിപ്പിക്കുന്നു- സമാഹാരങ്ങളിൽ പതിപ്പിക്കുന്നു.
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായന, സ്വന്തവായന, ഗ്രന്ഥവായന എന്നിങ്ങനെ വായനകളെ പ്രോത്സാഹിപ്പിക്കുന്നു.
* സ്വന്തമായി എഴുതിയും വായിച്ചും വിലയിരുത്തി

# അക്കാദമിക മാസ്റ്റർ പ്ലാൻ

രണ്ടാം ക്ലാസ്

## മലയാള മധുരം

### ആമുഖം

കുട്ടികൾ ആസ്വദിച്ച് വായിക്കാനും തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും അവസരം ഒരുക്കുന്നു. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും, ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ ഭാഷാവികസനത്തിന് സാധ്യതയൊരുക്കുന്നു.

### പ്രവർത്തന ലക്ഷ്യങ്ങൾ

* ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരമൊരുക്കുന്നു.
* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാരങ്ങളിലേക്ക് മാറുന്നതിന് സാധ്യത ഒരുക്കുന്നു.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
* കുഞ്ഞെഴുത്ത് ചെറു പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- |
| • ക്ലാസ് PTA | ജൂൺ ആദ്യവാരം | HM, ക്ലാസ് ടീച്ചർ - രക്ഷിതാക്കൾ |
| * കുട്ടികൾ ആത്മവിശ്വാസത്തോടെ സ്വതന്ത്രമായും ഭാവാത്മകമായും വായിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാവ് |
| • വിലയിരുത്തൽ | ജൂൺ അവസാനം | ക്ലാസ് ടീച്ചർ |
| * വലിയ ചിത്രങ്ങൾ കണ്ട് ചിത്രങ്ങൾക്ക് 2വരിയിൽ അടിക്കുറിപ്പ് എഴുതുന്നു. | ജൂലായ് - ഒക്ടോബർ | ക്ലാസ് ടീച്ചർ |
| * ചെറിയ ചിത്രങ്ങൾ ഉൾപ്പെടുത്തി അടിക്കുറിപ്പുള്ള ചിത്രകഥാപുസ്തകങ്ങൾ തയ്യാറാക്കുന്നു | ഒക്ടോബർ - ഫെബ്രുവരി | ക്ലാസ് ടീച്ചർ |
| * കുട്ടികൾ തയ്യാറാക്കിയ ചിത്രകഥാപുസ്തകങ്ങൾ പ്രകാശനം | മാർച്ച് ആദ്യവാരം | ക്ലാസ് ടീച്ചർ HM |

ഗണിതം.

ആമുഖം:

നിത്യജീവിതത്തിൽ ഏതൊരു മേഖലയിലും ഗണിതത്തിന്റെ പ്രാധാന്യം മനസിലാക്കുകയും കളികളും, നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ആസ്വദിക്കുന്നു. ഗണിത ചിന്ത വളർത്തുവാനും സാധ്യത ഒരുക്കുന്നു.

പ്രവർത്തനലക്ഷ്യങ്ങൾ:

* ഗണിത ചിന്താശേഷി വളർത്തൽ
* കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| * CPTA | ജൂൺ അവസാനം | HM, ക്ലാസ് ടീച്ചർ രക്ഷിതാവ് |
| * ഗണിത മാഗസിൻ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| * ജ്യാമിതിയ രൂപങ്ങളുടെ നിർമാണം | സെപ്തംബർ | ക്ലാസ് ടീച്ചർ |
| * ആഴ്ചയിൽ ഒരു കുസൃതി കണക്ക് പരിചയപ്പെടൽ | ആഴ്ചയിൽ ഒന്നുവീതം | SRG ക്ലാസ് ടീച്ചർ |
| * ഗണിതം - ഒറിഗാമി നിർമ്മാണം പ്രദർശനം | ഒക്ടോബർ | ക്ലാസ് ടീച്ചർ രക്ഷിതാവ് |
| * പാഠഭാഗവുമായി ബന്ധപ്പെട്ട - പഠനോപകരണ നിർമ്മാണം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ SRG |

## ഇംഗ്ലീഷ്

### ആമുഖം

ഇംഗ്ലീഷ് ഭാഷയോടുള്ള ഭയവും മാറി കുട്ടികളിലായി ഇംഗ്ലീഷ് ഭാഷ കേൾക്കാനും ഇംഗ്ലീഷിനോടുള്ള താൽപര്യം വർധിപ്പിക്കുവാനും ഇംഗ്ലീഷിലുള്ള കുഞ്ഞു പുസ്തകങ്ങൾ വായിക്കുവാനും സാധ്യതയൊരുക്കുന്നു.

### പ്രവർത്തനലക്ഷ്യങ്ങൾ

* ഇംഗ്ലീഷ് ഭാഷയോട് അഭിരുചി വളർത്തുന്നു.
* നിത്യജീവിതത്തിൽ ഉപയോഗപ്പെടുത്തുന്നു
* ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരം ഒരുക്കൽ
* ഇംഗ്ലീഷ് ബാലസഭ
* ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| * CPTA | June രണ്ടാം വാരം | HM<br>class teacher<br>Parents |
| * ഇംഗ്ലീഷ് കാർഡുകൾ പ്രദർശനം | June - march<br>(ദിവസത്തിൽ ഒന്ന്) | class teacher |
| * Simple English instructions പാലിക്കാനും ശീലം വളർത്താനും | June - August | class teacher |
| ~~* English ...~~<br>* Let's talk പരിശീലനവുമായി ബന്ധിപ്പിക്കൽ | June - march<br>(3 ദിവസത്തിൽ ഒന്ന്) | SRG, class teacher |
| * ഇംഗ്ലീഷ് അസംബ്ലി | June - march<br>(ആഴ്ചയിൽ ഒന്ന്) | |
| * ക്ലാസ് ലൈബ്രറിയിലെ ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കൽ | September - march | class teacher |

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

STD : III

SUB : EVS

ജൂൺ :

പ്രവർത്തനങ്ങൾ :—

- ചെടികൾ നിരീക്ഷിക്കുന്നു
- പോസ്റ്റർ രചന
- വിത്ത് മുളപ്പിക്കൽ
- വ്യത്യസ്തതരം ഇലകൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുക.
- പരിസ്ഥിതി ദിനാചരണം
- പഠനക്കാർഡ് നിർമ്മാണം.

പിന്തുണാ സംവിധാനം - SRG

ജൂലൈ :

പ്രവർത്തനങ്ങൾ :

- വ്യത്യസ്തതരം ജീവികളെ നിരീക്ഷണം, ചിത്രശേഖരണം.
- മണ്ണ് നിരീക്ഷണം
- ജൈവ വൈവിധ്യ ഉദ്യാനം നിർമ്മാണം

ഓഗസ്റ്റ് :

പ്രവർത്തനങ്ങൾ :

- മഴമാപിനി നിർമ്മാണം
- കിണർ സന്ദർശനം
- മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ.
- വ്യത്യസ്ത പരീക്ഷണങ്ങൾ

പിന്തുണാസംവിധാനം : PTA, SRG

സെപ്തംബർ :

പ്രവർത്തനങ്ങൾ :

- ശുചിത്വ പോസ്റ്റർ നിർമ്മാണം
- ആരോഗ്യ ബോധവൽക്കരണ സെമിനാർ

ഒക്ടോബർ :

പ്രവർത്തനങ്ങൾ :

- ഫീൽഡ് ട്രിപ്പ്
  പാടം / പച്ചക്കറിത്തോട്ടം
- ആരോഗ്യ കാർഡ് - ഓരോ കുട്ടിക്കും

• ശുചിത്വ ബോധവത്കരണം (Poster)

നവംബർ :-

പ്രവർത്തനങ്ങൾ:

- റോൾപ്ലേ - റോഡ് നിയമങ്ങൾ
- First Aid Kit തയ്യാറാക്കൽ
- പത്ര cuttings.

ഡിസംബർ :-

പ്രവർത്തനങ്ങൾ:

- പരീക്ഷണങ്ങൾ
- നിരീക്ഷണ പ്രവർത്തനം.
  ഗ്ലോബ് ICT
- ഗ്ലോബ് നിർമ്മാണം.
- ദേശീയ പതാക വരയ്ക്കൽ
- ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ

ജനുവരി :-
ഫെബ്രുവരി :-
പ്രവർത്തനങ്ങൾ:

- കൂടുകൾ (ചിത്രശേഖരണം)
- വ്യത്യസ്തതരം വീടുകൾ, Album
- വ്യത്യസ്തതരം ജോലികൾ
- വീട് നിർമ്മാണ ഇടം സന്ദർശനം.

മാർച്ച് :-

പഠനോത്സവം

x ——— x

# അക്കാദമിക്ക് പ്ലാൻ:

## മലയാളം

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാം .
- കുട്ടിയെ മികച്ച വായനക്കാരനും എഴുത്തുകാരനുമാക്കാം .

| പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|
| 1. പ്രീ ടെസ്റ്റ്<br>2. അക്ഷരമുറപ്പിക്കൽ<br>3. അക്ഷരകാർഡ് നൽകൽ<br>4. വാക്കുകൾ എഴുതിയ കാർഡ്<br>5. വാക്കുകൾ നിർമിക്കുക<br>6. വാക്യങ്ങൾ നിർമിക്കാൻ<br>7. ചിത്ര അടിക്കുറിപ്പ്<br>8. ചിത്രം - കഥപറയൽ<br>9. ചിത്രം -കഥയെഴുതൽ<br>10. കഥപൂർത്തിയാക്കൽ<br>11. കഥാപുസ്തകം നൽകൽ<br>12. സി ഡി യിൽ ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>13. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസുകൾ | 2 മാസം<br>ഓഗസ്റ്റ് സെപ്റ്റംബർ | മലയാളം അധ്യാപകർ | B R C<br>DIET<br>SCERT<br>P T A<br><br>BRC,ED TRAINER, P T A |

| | | | |
|---|---|---|---|
| 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല<br>3. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>4. സമീപ ഗ്രന്ഥ ശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്ര വായന<br>7. 'അമ്മ വായന<br>8. പുസ്തക ചർച്ച<br>9. വായനാനുഭവം<br>10. വായന കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>12. ക്ലാസ് സഭ<br>13. സ്കൂൾ സഭ ബാല സഭ<br>14. ദിനാചരണങ്ങൾ<br>15. ആകാശ വാണി ക്ലബ്<br>16. സാഹിത്യ കാരന്മാരുമായുള്ള അഭിമുഖം<br>17. ആനുകാലിക പ്രസിദ്ധീകരണങ്ങളും ,വായനയും<br>18. ആസ്വാദകരമായ വായന<br>19. വായന സാമഗ്രികൾവികസിപ്പിക്കൽ<br>20. പുസ്തകം ഒരുക്കൽ | 6 മാസം | ലൈബ്ര<br>റി | |
| 1) എഴുത്തുകൂട്ട രൂപീകരണം | 6 മാസം | വായനശാല | BRC, |

| | | | |
|---|---|---|---|
| 2) പുസ്തക ചർച്ച<br>3) ക്ലാസ് ലൈബ്രറി<br>4) വായനക്കുറിപ്പ് പതിപ്പ്<br>5) സഞ്ചരിക്കുന്ന ആസ്വാദന കുറിപ്പ് പുസ്തകം<br>6) സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7) വായനകുറിപ്പ്<br>8) പൊതു വേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>9)വ്യക്തിഗത രചന<br>10)ഭാഷ പ്രൊജക്റ്റ്<br>11)രചയിതാക്കളെ പരിചയപ്പെടൽ | | എസ് ആർ ജി | DIET, TEACHERS |

## പ്രവർത്തങ്ങൾ

1 .മലയാളത്തിളക്കം

പ്രീ ടെസ്റ്റ് നടത്തുന്നു.പിന്നോക്കക്കാരെ കണ്ടെത്തി.

2 .അക്ഷരം ഉറപ്പിക്കൽ,

ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

3 .അടയാളങ്ങൾ ഉറപ്പിക്കൽ

ചിത്ര സഹായത്താൽ അടയാളങ്ങൾ,ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

4 .അക്ഷര കാർഡ്,വാക്കുകൾ എഴുതിയ കാർഡ്

അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ,വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

5 .ചിത്രം-അടിക്കുറിപ്പ്

ചിത്രം നൽകൽ,അടിക്കുറിപ്പ് പറയിപ്പിക്കാൻ-അധ്യാപികയുടെ സഹായത്തോടെ എഴുതൽ.

6 .കഥ -ബാക്കി പറയൽ-എഴുതൽ

ഒരു കഥയുടെ കുറച്ചു ഭാഗം നൽകുന്ന ബാക്കി പറയിപ്പിക്കുന്നു.എഴുതുന്നു

7 .കഥാപുസ്തകം -നൽകൽ

വായന ,കുറിപ്പ് തയ്യാറാക്കൽ

8 .സി ഡി പ്രദർശനം

ചിത്രങ്ങൾ അടങ്ങിയ സി ഡി പ്രദർശിപ്പിക്കുന്നു.ഓരോ ചിത്രത്തെയും കുറിച്ച് പറയാനാവസരം -എഴുതാൻവസരം

9 .ഭിന്ന ശേഷിക്കാരെ പരിഗണിക്കൽ

ഭിന്ന ശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് .ഐ ഇ ഡി അധ്യാപകരുടെ സേവനം

10 .ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ

ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന ഗ്രൂപ്പ് ആക്കുന്നു.അത്ര പുസ്തകം വായിക്കാം,വായനകുറിപ്പ് പുസ്തകം അങ്ങനെ തെരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ ) ചർച്ച വായനാ കുറിപ്പ് അസംബ്ലി,ആകാശവാണി ബാലസഭാ എന്നിവയിൽ അവതരിപ്പിക്കാനാവസരം .

11 .ക്ലാസ് ലൈബ്രറി രൂപീകരിക്കൽ

കുട്ടികളുടെ സഹായത്തോടെ യു പി വായനക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം .

12 .സ്കൂൾ ലൈബ്രറി നവീകരണം

സ്കൂൾ ലൈബ്രറി നവീകരണം,പുസ്തക വിതരണ രജിസ്റ്റർ,കുട്ടി ലൈബ്രേറിയൻ,പുസ്തക വിതരണം,പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം ,ബർത്ഡേയ് പുസ്തക ശേഖരണം.

13 .സമീപ ഗ്രന്ഥശാല അംഗത്വം

ഗ്രന്ഥശാലയിൽ അംഗത്വം ,പുസ്തക വിതരണം,വായന എഴുത്തു പ്രോത്സാഹനം ,എന്റെ പുസ്തകം പ്രകാശനം .

14 .വായനോത്സവം സംഘടിപ്പിക്കൽ

കുട്ടികളുടെ കൂട്ടായ്മ ,യോഗം സംഘടിപ്പിക്കൽ,യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ ,വായനക്കുറിപ്പ് ,ആസ്വാദന കുറിപ്പ് പ്രകാശനം,അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ,വായിച്ച കൃതികളുടെ രംഗാവിഷ്കാരം. (പാഠഭാഗവുമായി ബന്ധപെട്ട )ചൊൽകാഴ്ച ,നാടകങ്ങൾ എന്നിവയുടെ അവതരണം.

15 .പത്ര വായന

വിവിധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കൽ പത്ര ക്വിസ് ,വാർത്ത തയ്യാറാക്കൽ,പുതിയ അറിവ് കണ്ടെത്തൽ-വായന-എഴുത്ത് .പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപെട്ട )

16 .'അമ്മ വായന

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനാവസരം -വായനാമുറി -വായനാ കുറിപ്പ് തയ്യാറാക്കൽ-മികച്ച കുറിപ്പ് കണ്ടെത്തൽ -പ്രോത്സാഹനം 'അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ ,ശിൽപ്പശാല

17 പുസ്തക ചർച്ച-വായനാനുഭവം പങ്കുവെക്കൽ

വിദ്യാർത്ഥികൾ ,രക്ഷിതാക്കൾ,അധ്യാപകർ ,സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം.പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ,സന്ദേശം,കഥാപാത്രനിരൂപണം ,സ്വാതീനം,ഇഷ്ടപെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ.മാസത്തിൽ ഒരു ദിവസം.

18 .വായനക്കുറിപ്പ്

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു .ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു .പതിപ്പ് പ്രകാശനം .

19 .വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം

വായനാ ,എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ,സ്വന്തം സൃഷ്ടികൾ

എന്നിവ പരിചയപ്പെടുത്താനാവസരം -വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ സാഹിത്യകാരന്മാരെ ക്ഷണിക്കൽ

20 .ക്ലാസ് ,സ്കൂൾ ബാലസഭകൾ

ഓരോ ക്ലാസ്സിലും സ്കൂളിലും ബാലസഭ രൂപീകരണം ,സ്കൂളിൽ യോഗം സംഘടിപ്പിക്കൽ,സൃഷ്ടികൾ പരിചയം,പ്രകാശനം,അവതരണം,വിദ്യാലയത്തിന് പുറത്തു ബാലസഭകൾ രൂപീകരിക്കൽ പൊതുജന പങ്കാളിത്തം ,സാഹിത്യകാരന്മാരുടെ സാന്നിധ്യം

21 .ദിനാചരണങ്ങൾ

വായനയും എഴുത്തും പ്രോല്സാഹിപ്പിക്കുന്നതിനു ദിനാചരണങ്ങളുമായി ബന്ധപ്പെട്ടു നിരവധി പ്രവർത്തങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു

22 .ആകാശവാണി ക്ലബ്

കുട്ടികളുടെ സർഗ്ഗവികസനത്തിനു വിവിധ പരിപാടികൾ ഉൾകൊള്ളിച്ചു കൊണ്ട് ആകാശവാണി ക്ലബ് നടത്തുന്നു .മികച്ച പ്രകടനക്കാരെ ,ക്ലാസ്സുകാരെ ,കണ്ടെത്തൽ ,പ്രോത്സാഹനം .

23 .ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും

ക്ലാസ് മുറിയിൽ ,സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത ,വായനാ പ്രോത്സാഹിപ്പിക്കുന്നതായി വിവിധ പ്രവർത്തനം,മത്സരങ്ങൾ

24 .വായനാസാമഗ്രികൾ വികസിപ്പിക്കൽ

യു പി കുട്ടികൾക്കായുള്ള വായനാസാമഗ്രികൾ ശേഖരിക്കൽ,കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും അധ്യാപകരുടെയും പങ്കാളിത്തമുള്ള രചനാ ശില്പശാല സംഘടിപ്പിക്കൽ,രചനകൾ സ്പൈറൽ ബൈൻഡ് ചെയ്തു ഉപയോഗിക്കൽ

25 .വായനക്കൂട്ടം ,എഴുത്തുകൂട്ടം -മോണിറ്ററിങ്

അധ്യാപകർ ,കുട്ടി പ്രതിനിധി രക്ഷിതാക്കൾ,പ്രാദേശിക

സാഹിത്യകാരന്മാർ ,ബി ർ സി ,ഡയറ്റ് അധ്യാപകർ മറ്റു സ്കൂളിലെ അധ്യാപകർ ,എന്നിവരുടെ സേവനം

26 .എഴുത്തുകൂട്ടം രൂപീകരണം

കുട്ടികളെ 5 വീതം എഴുത്തു കൂട്ടങ്ങളാകുന്നു .വ്യക്തിഗത രചന,സംഘരചന എന്നിവ സംഘടിപ്പിക്കുന്നു .എഴുത്തു ഏഉ സാഹിത്യ വിഭാഗത്തിൽ,മോണിറ്ററിങ് എന്നിവ ചർച്ച ചെയ്യുന്നു.

27 .സഞ്ചരിക്കുന്ന ആസ്വാദന കുറിപ്പ് പുസ്തകം

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം.വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപെടുത്തണം.കൈമാറി,കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനകുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം .

28 .വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ

മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ,വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം ലിസ്റ്റ് ചെയ്യൽ,വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ ,വിവിധ മേഖലയിൽ സാഹിത്യ സൃഷ്ടി നടത്തൽ ,വിവിധ സാഹിത്യ മേഖലകളിലുള്ള വ്യക്തികളുടെ ആഗമനം സംവാദം അഭിമുഖം .

29 .മാഗസിൻ ചുമർ പത്രിക,പതിപ്പ്

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ,ചുമർ പത്രിക ,പതിപ്പുകൾ തയ്യാറാക്കൽ,പ്രകാശനം

30 .വായനകുറിപ്പ് ,ആസ്വാദനകുറിപ്പ് തയ്യാറാക്കൽ

പാഠ പ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായും ബന്ധപ്പെട്ട വായനാ കുറിപ്പും ആസ്വാദനകുറിപ്പും തയ്യാറാക്കൽ -പതിപ്പ്-പ്രകാശനം .

31 .പൊതു വേദിയിലെ പ്രകടനങ്ങൾ

കുട്ടികളിലെ ഭയം,സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ

അസംബ്ലി,റേഡിയോ ക്ലബ് ,സർഗ്ഗവേള,ബാലസഭാ എന്നിവ സംഘടിപ്പിക്കുന്നു .അവസരം നൽകുന്നു.സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനാവസരം,യോഗങ്ങൾ സംഘടിപ്പിക്കൽ

32 .വ്യക്തിഗത രചന,സംഘ രചന

കുട്ടികളുടെ സർഗ്ഗശേഷി വർധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.വിലയിരുത്തൽ ,പുസ്തകം തയ്യാറാക്കൽ.

33 .ഭാഷാ പ്രൊജെക്ടുകൾ

ഭാഷയെ കൂടുതൽ മനസിലാക്കാനും ആഴത്തിലുള്ള വായനാകമായി ഭാഷയുടെ വിവിധ പ്രൊജെക്ടുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്)

34 .രചയിതാക്കളെ പരിചയപ്പെടൽ

അസംബ്ലിയിൽ ഒരു ഇനമാകണം.കൃതികൾ സംഭാവന,സവിശേഷത ഇവ പരിചയപെടുത്തണം ,രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ,പരിചയപ്പെടുത്തൽ കുറിപ്പുകൾ,കുറിപ്പുകൾ ശേഖരിച്ചു പതിപ്പ് ,പവർ പോയിന്റ് അവതരണം,രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധപ്പെടുത്തി (പ്രതിമാസം)ജൂലൈ -ബഷീർ,ആഗസ്റ്റ്

35 .ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തങ്ങൾ

ബി ർ സി ,ഐ ഇ ഡി ,ടീച്ചേഴ്‌സ് എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം ,നടപ്പിലാക്കൽ പ്രോത്സാഹനം സേവനം .

36 .സാഹിത്യ സാംസ്‌കാരിക ചിത്ര ഗ്യാലറി

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ പുസ്തകങ്ങൾ,മഹത് വചനങ്ങൾ,ജീവ ചരിത്ര കുറിപ്പുകൾ,ആസ്വാദന കുറിപ്പുകൾ,കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ,ആർട് ഗ്യാലറികൾ സന്ദർശിക്കൽ

## Class: 3 Subject: English

Learning out comes : 1

- Describes the pictures

| Sl. No. | Month | Activities |
|---|---|---|
| 1 | June to August | **Picture Description**<br>• The teacher shows a picture.<br>• Discussion<br>• The children talk about the picture.<br>• Slow learners :- Gives opportunity to express their idea in Malayalam. |

Learning out comes : 2

- Arrange word in alphabetical order.

| Sl. No. | Month | Activities |
|---|---|---|
| 1 | July to March | **Dictionary**<br>• Introducing the dictionary<br>• Gives words.<br>• Arranging words in alphabetical order. |

Learning out comes : 3

- Add more exchanges to the conversation suitable to the context

| Sl. No. | Month | Activities |
|---|---|---|
| 1 | July to March | **Conversation**<br>• Reading the conversation<br>• Conversation is acting with friends<br>• Adds more exchanges to the conversation.<br>• Slow learners :- Gives opportunity to express their Idea in Malayalam. |

Learning out comes : 4

- Identifies rhyming words from the poem

| Sl. No. | Month | Activities |
|---|---|---|
| 1 | July to September | **Rhyming words**<br>• Plays the audio of song.<br>• Let the learner sing after the audio<br>• Discussion<br>• Identifies rhyming words |

Learning out comes : 5

- Add lines to a poem following a set Pattern.

| Sl. No. | Month | Activities |
|---|---|---|
| 1 | July to December | Add Morelines<br>• Plays the audio of song<br>• Let the learner sing after the audio<br>• Add lines to the poem. |

Learning out comes : 6

- Reads and understands the given stories and Poems.

| Sl. No. | Month | Activities |
|---|---|---|
| 1 | December to March | Let's Read<br>• Provides the opportunity to read simple stories and poems.<br>• They tell the story they read. |

Learning out comes : 7

- Makes simple riddles

| Sl. No. | Month | Activities |
|---|---|---|
| 1 | August to March | Riddles<br>• Gives children the opportunity to hear and answer simple riddles.<br>• Makes simple riddles<br>• Slow learners:- Gives opportunity to express their idea in Malayalam. |

Learning out comes : 8

- Undertakes simple project work given

| Sl. No. | Month | Activities |
|---|---|---|
| 1 | October to march | Projectworks<br>• Gives instructions<br>• Data Collection<br>• Codifying |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല<br>രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും.<br>ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

STD : IV

SUB : MATHS

## കളിക്കാം ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ [ചതുഷ്ക്രിയകൾ ലളിതമാക്കൽ] | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ. നടപ്പാക്കൽ മൂല്യനിർണ്ണയം [ഗുണനവും ഹാരവും, ബസ് കളി] സങ്കലനം, വ്യവകലനം [കൂട്ടുവടക്കളി] | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |

## ഒറിഗാമിയിലൂടെ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ കൈവേല ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം. | വർഷത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ | |

## ഗണിതലാബ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം പ്രവർത്തനസുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ്സ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ഗണിതച്ചുമർ | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം. പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള | | | | |
| ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |

# B E M UP SCHOOL CHOMBALA
# CLASS IV MALAYALAM

## ക്ലാസ് തലഅക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാസംവിധാനം | അവതരണ സന്ദർഭം |
| --- | --- | --- | --- | --- |
| • ആസ്വാദ്യപൂർണ്ണമായ വായനാനുഭവങ്ങൾ ഉറപ്പാക്കൽ<br>• വായിച്ച രചനകളെക്കുറിച്ച് പറയാനും എഴുതാനുമുള്ള അവസരം ഒരുക്കൽ<br>• സ്വയം വായിച്ച് കണ്ടെത്തലുകൾ നടത്തുന്നതിനുള്ള കഴിവ് വികസിപ്പിക്കൽ<br>• വായനാനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള അവസരം നൽകൽ<br>• എല്ലാ കുട്ടികളുടെയും വീട്ടിൽ ഒരു ലൈബ്രറിയുറപ്പാക്കൽ | പാഠപുസ്തകം ടീച്ചർടെക്സ്റ്റ് എന്നിവ പരിശോധിച്ച് കുട്ടികൾക്ക് വിവിധ സന്ദർഭങ്ങളിൽ നൽകാവുന്ന പുസ്തകങ്ങൾ പട്ടികപ്പെടുത്തൽ, ആവശ്യമായ പുതിയപുസ്തകങ്ങൾ ലഭ്യമാക്കൽ | മെയ് 2025 | എസ് ആർ ജി | |
| | കാഴ്ച പരിമിതിയുള്ള കുട്ടിക്ക്കൂടി സഹായകമായ ബ്രയിൽ പാഠം തയ്യാറാക്കൽ | മെയ് 2025 | എസ് ആർ ജി | |
| | കുട്ടികൾക്കൊരു പുസ്തക സമ്മാനം | ജൂൺ | പി ടി എ/ സ്പോൺസർഷിപ്പ് | പ്രവേശനോത്സവം |
| | ക്ലാസ് ലൈബ്രറി രൂപപ്പെടുത്തൽ | ജൂൺ ആദ്യവാരം | ക്ലാസ് പി ടി എ | |
| | കുട്ടികളുടെ പുസ്തക മേള സംഘടിപ്പിക്കൽ | ജൂൺ 19 | സ്കൂൾ പി ടി എ, എസ് എം സി, പൂർവ്വവിദ്യാർത്ഥി സംഘടന. | |
| | അമ്മമാരുടെ വായന, രചനാശില്പശാല | ജൂലായ് | എസ് ആർ ജി, പ്രാദേശിക വിദഗ്ധർ | |
| | ആദ്യ പൊതു അവതരണം, വായനാക്കുറിപ്പുകൾ വായിക്കൽ, പ്രദർശനം | ആഗസ്റ്റ് /സെപ്തംബർ | | ക്ലാസ് പിടി എ |
| | | ജനുവരി | | ക്ലാസ് പഠനോത്സവം |
| | എല്ലാകുട്ടികളുടെയും രചനാവായനക്കുറിപ്പുകളുടെ പ്രകാശനം | 2026 മാർച്ച് 20 / 21 | | ലോക കഥാദിനം/ കവിതാദിനം |

# അക്കാദമിക്ക് പ്ലാൻ
# *English*

| പദ്ധതി | വിശദാംശങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
